# നീരയെ സർക്കാർ അകമഴിഞ്ഞ് സഹായിക്കും - മുഖ്യമന്ത്രി

**കുറ്റ്യാടി:** നാളികേര കർഷകന്റെ സ്വപ്നമായിരുന്ന നീര ഉത്പാദനത്തെ സർക്കാർ സഹായിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

കുറ്റ്യാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മുള്ളൻകുന്നിൽ തുടങ്ങുന്ന നീര പ്ലാന്റിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നീരയും മൂല്യവർധിത ഉത്പന്നങ്ങളും വിപണി കൈയടക്കുന്നതോടെ നാളികേര കർഷകന്റെ ദുരിതത്തിന് അറുതിയാവും. കൃഷിമന്ത്രി കെ.പി. മോഹനൻ അധ്യക്ഷത വഹിച്ചു.

112 വർഷത്തെ അബ്കാരി നിയമത്തിൽ പൊളിച്ചെഴുത്ത് നടത്തിയാണ് നീര ഉത്പാദനത്തിന് സർക്കാർ വഴി തുറന്നത്. നീരയുടെ വരവോടെ കള്ളു ചെത്ത് വ്യവസായം തിരിച്ചടി നേരിടുമെന്നും തൊഴിലാളികൾ വഴിയാധാരമാകുമെന്നും ആശങ്കയുണ്ടായി.



മരുതോങ്കരയിലെ നീര പ്ലാന്റിന് തറക്കല്ലിട്ടശേഷം മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രസംഗിക്കുന്നു

നാളികേര വികസനബോർഡ്, കൃഷി, എക്സൈസ് വകുപ്പുകൾ, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ പ്രതിനിധികൾ ഒന്നിച്ചിരുന്ന് ചർച്ച നടത്തി. അത്തരം ആശങ്കകളൊക്കെ ഗുണപ്രദമായ രീതിയിൽ പരിഹരിച്ചാണ് കേര കർഷകരുടെ ഈ സ്വപ്നപദ്ധതി നടപ്പാക്കുന്നത്. മന്ത്രി കെ. ബാബുവും കെ.പി. മോഹനനും ഇതിന് പ്രത്യേകം അഭിനന്ദനമർഹിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

ഷെയർ സർട്ടിഫിക്കറ്റ് മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി.യും നീര ഇ.കെ.വിജയൻ എം.എൽ.എ.യും നീര ടെക്നീഷ്യന്മാർക്കുള്ള സർട്ടിഫിക്കറ്റ് കെ.കെ. ലതിക എം.എൽ.എ.യും വിതരണം ചെയ്തു. സി.കെ. നാണു എം.എൽ.എ. ലോഗോ പ്രകാശനം നടത്തി. നീര മാസ്റ്റർ ട്രെയിനികളെ പൊന്നാടയണിയിച്ചു.

ജില്ലാ പഞ്ചായത്തംഗങ്ങളായ പി.ജി. ജോർജ്, കമലാ പണിക്കർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജിത നടമ്മേൽ, ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റുമാരായ കെ. സജിത്ത്, കെ.കെ. നഫീസ, സി.ഡി.ബി. ടെക്നിക്കൽ ഓഫീസർ കെ. ഉദുല, കെ.പി. കുഞ്ഞമ്മദ് കുട്ടി, മനയത്ത് ചന്ദ്രൻ, കെ.ടി. ജെയിംസ്, അഹമ്മദ് പുന്നക്കൽ, ജോൺ പൂതക്കുഴി, എം.പി. രാജൻ, ഡോ. ജോസ് വടക്കേടം, ഐ.വി. ശശാങ്കൻ, രമേശൻ പാലേരി തുടങ്ങിയവർ പ്രസംഗിച്ചു.

കമ്പനി ചെയർമാൻ മത്തത്ത് ബാബു സ്വാഗതവും കെ.സി. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.